പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3420 | 19.06.2019-ലെ മറുപടിക്ക്

**<u>കെ.എസ്.ആർ. ടി .സി.യുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള നടപടി</u>**

<u>ചോദ്യം</u> | <u>മറുപടി</u>

ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ. ടി .സി. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി വാങ്ങിയ ഷാസികൾ മഴ നനഞ്ഞും കാടുകയറിയും നശിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | നിലവിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. ഏറ്റവും ഒടുവിൽ ഷാസികൾ വാങ്ങി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയത് 22.3.2017 ലാണ്. അതിനുശേഷം ഷാസികൾ വാങ്ങി ബോഡി നിർമ്മിച്ചിട്ടില്ല. പകരം കമ്പനിയിൽ നിന്നും 100 പൂർണ്ണ നിർമ്മിത കൺവെൻഷണൽ ബസുകളായാണ് വാങ്ങിയിട്ടുള്ളത്. |
| (ബി) | കെ.എസ്.ആർ.ടി.സി. യുടെ കോടികൾ വിലമതിക്കുന്ന ഷാസികളും മറ്റ് വസ്തുക്കളും നശിച്ചുപോകാതെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | വസ്തുവകകൾ നശിച്ചുപോകാതെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ. ടി.സി.ക്ക് എവിടെയാണ് മേജർ വർക്ക്ഷോപ്പുകൾ നിലവിലുള്ളത്; വിശദാംശം നൽകുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ മേജർ വർക്ക് ഷോപ്പുകൾ താഴെ പറയുന്നവയാണ്.<br>1. സെൻട്രൽ വർക്ക് ഷോപ്പ്, പാപ്പനംകോട് (തിരുവനന്തപുരം ജില്ല),<br>2. റീജിയണൽ വർക്ക് ഷോപ്പ്, മാവേലിക്കര (ആലപ്പുഴ ജില്ല),<br>3. റീജിയണൽ വർക്ക് ഷോപ്പ്, ആലുവ (എറണാകുളം ജില്ല),<br>4. റീജിയണൽ വർക്ക് ഷോപ്പ്, എടപ്പാൾ (മലപ്പുറം ജില്ല),<br>5. റീജിയണൽ വർക്ക് ഷോപ്പ്, കോഴിക്കോട് (കോഴിക്കോട് ജില്ല). |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി .സി.യുടെ സ്വത്തുക്കൾ സി.സി.റ്റി.വി. ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.യുടെ ചീഫ് ഓഫീസിലും, തിരുവനന്തപുരം സിറ്റി, കോഴിക്കോട്, പാലക്കാട് എന്നീ യൂണിറ്റുകളിലും സി.സി.റ്റി.വി ക്യാമറ സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു. കെ.എസ്.ആർ.ടി.സിയുടെ മറ്റ് ഓഫീസുകളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല.<br>സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അത്യാവശ്യ സ്ഥലങ്ങളിൽ പരിഗണന നൽകി ഘടിപ്പിച്ച് വരുന്നുണ്ട്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**